**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1648** **11-09-2023 - ൽ മറുപടിയ്ക്ക്**

**പോക്കുവരവ് ചെയ്യുന്നതിലെ കാലതാമസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | വസ്തുക്കൾ വില്പന നടത്തി ആധാരം ലഭിച്ചതും എന്നാൽ യഥാസമയം പോക്കുവരവ് ചെയ്യാത്തതുമായ ആധാരങ്ങൾ പോക്കുവരവ് ചെയ്യാൻ വില്ലേജ് ഓഫീസിൽ സമർപ്പിക്കുമ്പോൾ വിവിധ കാരണങ്ങൾ പറഞ്ഞ് കാലതാമസം വരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വർഷങ്ങളായി പോക്കുവരവ് ചെയ്യാൻ കഴിയാഞ്ഞ അപേക്ഷകർക്ക് സമയബന്ധിതമായി ആയത് ചെയ്യാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (എ) | പോക്കുവരവ് അനുവദിക്കേണ്ടതായ ആധാരത്തിന്റെ പകർപ്പ് സഹിതം വില്ലേജ് ഓഫീസിൽ അപേക്ഷ സമർപ്പിച്ചാൽ ചട്ട പ്രകാരം പോക്കുവരവ് അനുവദിക്കുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിക്കാറുണ്ട്. |
| (ബി) | ഇത്തരത്തിൽ വർഷങ്ങളുടെ കാലതാമസം നേരിട്ട അപേക്ഷകർ പോക്കുവരവ് ചെയ്യാനായി എന്തെല്ലാം നടപടിക്രമങ്ങളാണ് പാലിക്കേണ്ടത്; വിശദമാക്കാമോ? | (ബി) | പോക്കുവരവ് ചെയ്യുന്നതിന് കാലതാമസം നേരിട്ട അപേക്ഷകൾ പോക്കുവരവ് ചെയ്യുന്നതിനായി ആയതിന്റെ ബാദ്ധ്യതാ സർട്ടിഫിക്കറ്റ്, ആധാരം എന്നിവയും വസ്തു കൈവശമുണ്ടോയെന്ന സ്ഥലപരിശോധനയും നടത്തി 1966 ലെ കേരള പോക്കുവരവ് ചട്ടപ്രകാരം പോക്കുവരവ് ചെയ്ത് നൽകുന്നു. |

സെക്ഷൻ ഓഫീസർ